"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തൊഴിലും നൈപുണ്യവും വകുപ്പ് - ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് - അരൂർ ഇ.എസ്.ഐ ഡിസ്പെൻസറി പുതിയ കെട്ടിടത്തിലേയ്ക്ക് മാറ്റുന്നതിന് അനുമതി നൽകിയ ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് ഡയറക്ടറുടെ നടപടി സാധൂകരിച്ച്-ഉത്തരവ് പുറപ്പെടുവിയ്ക്കുന്നു.

---

തൊഴിലും നൈപുണ്യവും (എഫ്) വകുപ്പ്

സ.ഉ.(സാധാ) നം.**745/2025/LBR** തീയതി,തിരുവനന്തപുരം, **20-06-2025**

---

പരാമർശം:- ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ് ഡയറക്ടറുടെ **26.05.2025** ലെ എ2-2273/2024/ഡി.ഐ.എം.എസ് നമ്പർ കത്ത്.

**ഉത്തരവ്**

ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പിലെ അരൂർ ഇ.എസ്.ഐ ഡിസ്പെൻസറി നിലവിൽ പ്രവർത്തിച്ചിരുന്ന കെട്ടിടം ഹൈവേ വികസനത്തോടനുബന്ധിച്ച് പൊളിച്ചു മാറ്റപ്പെടുന്നതിനാൽ പുതിയ കെട്ടിടത്തിലേയ്ക്ക് പ്രവർത്തനം മാറ്റുന്നതിന് അനുമതി നൽകിയ നടപടി സാധൂകരിയ്ക്കുന്നതിനായി പരാമർശ കത്ത് പ്രകാരം ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് ഡയറക്ടർ സർക്കാരിൽ ശുപാർശ സമർപ്പിച്ചിരുന്നു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഹൈവേ വികസനത്തോടനുബന്ധിച്ചും അത് പോലെ മറ്റു അടിയന്തിര സാഹചര്യങ്ങളിലും ഇ.എസ്.ഐ ഡിസ്പെൻസറികൾ കെട്ടിടം മാറേണ്ടി വരുന്ന സന്ദർഭങ്ങളിൽ, ഡിസ്പെൻസറികൾ പുതിയ കെട്ടിടത്തിലേയ്ക്ക് പ്രവർത്തനം മാറ്റുന്നതിന് സർക്കാരിന്റെ സാധൂകരണത്തിനു വിധേയമായി പൊതുവായി ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ് ഡയറക്ടർക്ക് അനുമതി നൽകിയിട്ടുണ്ട്. മേൽ സാഹചര്യത്തിൽ അരൂർ ഇ.എസ്.ഐ ഡിസ്പെൻസറി പുതിയ കെട്ടിടത്തിലേയ്ക്ക് (ശ്രീ.താണ്ഡു ജി.കമ്മത്തിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടം) മാറ്റുന്നതിന് അനുമതി നൽകിയ ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് ഡയറക്ടറുടെ നടപടി സാധൂകരിച്ച് ഉത്തരവ് പുറപ്പെടുവിയ്ക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനിൽ കുമാർ എസ്
അണ്ടർ സെക്രട്ടറി

ഡയറക്ടർ, ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) (ഓഡിറ്റ്), തിരുവനന്തപുരം
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ് (സർക്കാരിന്റെ ഔദ്യോഗിക വെബ്ബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Ajish Kumar A
Date: 20-06-2025 17:22:13
സെക്ഷൻ ഓഫീസർ

പകർപ്പ് :-ബഹു.പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.